# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: *116** — **05/03/2020 ൽ മറുപടിക്ക്**

## കാഷ്യൂ ബോർഡിന്റെ പ്രവർത്തനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.വി.ടി.ബൽറാം<br>ശ്രീ.റോജി.എം.ജോൺ<br>ശ്രീ.വി.ഡി.സതീശൻ | ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം നേരിടുന്ന പ്രധാന പ്രതിസന്ധി തോട്ടണ്ടിയുടെ ലഭ്യതക്കുറവാണ് എന്നത് പരിഗണിച്ച് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് രൂപീകൃതമായ കാഷ്യൂ ബോർഡിന്റെ പ്രവർത്തനം വിശദമാക്കുമോ; | (എ) കേരളത്തിലെ കശുവണ്ടി ഫാക്ടറികൾക്ക് ആവശ്യമായ അസംസ്കൃത തോട്ടണ്ടി കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽ നിന്ന് നേരിട്ട് ഇറക്കുമതി ചെയ്ത് കേരളത്തിലെ കശുവണ്ടി വ്യവസായശാലകൾക്ക് ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള കാഷ്യൂ ബോർഡ് സ്വീകരിച്ചുവരുന്നു. കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽ നിന്ന് അതാത് വിളവെടുപ്പ് സീസണുകളിൽ ഇ-ടെണ്ടർ സംവിധാനത്തിലൂടെ ടെണ്ടർ വിളിച്ച് തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുന്ന നടപടിക്രമങ്ങളാണ് സ്വീകരിച്ചു വരുന്നത്. കശുവണ്ടി ഉത്പാദക രാജ്യങ്ങളിൽ നിന്ന് നേരിട്ട് തോട്ടണ്ടി സംഭരിക്കുന്നതിനായി ബന്ധപ്പെട്ട രാജ്യങ്ങളുമായി ധാരണാപത്രം ഒപ്പിടുന്നതിനുള്ള ശ്രമങ്ങളും നടത്തിവരുന്നുണ്ട്. ആഫ്രിക്കൻ രാജ്യമായ ഐവറി കോസ്റ്റുമായി ഇപ്രകാരമുള്ള ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്.<br><br>തോട്ടണ്ടി ഉൽപ്പാദക രാജ്യങ്ങളിൽ നിന്നും ഇതിനോടകം ഇരുപതിനായിരത്തിലധികം ടൺ തോട്ടണ്ടി ബോർഡ് ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇതിന്റെ തുടർച്ചയായി ഘാന, ഐവറികോസ്റ്റ് തുടങ്ങിയ രാജ്യങ്ങളിൽ നിന്ന് തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കേരള കാഷ്യൂ |

ബോർഡ് വഴി സംഭരിച്ച തോട്ടണ്ടി കേരള സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപ്പെക്സിന്റെയും കീഴിലുള്ള ഫാക്ടറികൾക്ക് ലഭ്യമാക്കിയതിലൂടെ ടി ഫാക്ടറികളിലെ തൊഴിലാളികൾക്ക് തുടർച്ചയായി തൊഴിൽ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

കേരള കാഷ്യൂ ബോർഡ് മുഖാന്തിരം ന്യായമായ വിലയ്ക്ക് തോട്ടണ്ടി ഇറക്കുമതി ചെയ്യാൻ സാധിച്ചതോടെ കേരളത്തിൽ തോട്ടണ്ടിയുടെ വിലനിലവാരം പിടിച്ചുനിർത്തുന്നതിന് സാധിച്ചിട്ടുണ്ട്.

എസ്ക്രോ അക്കൗണ്ട് ഓപ്പൺ ചെയ്യുന്ന മുറയ്ക്ക് സ്വകാര്യ വ്യവസായികൾക്കും തോട്ടണ്ടി ലഭ്യമാക്കാൻ കേരള കാഷ്യൂ ബോർഡ് സജ്ജമാണ്.

(ബി) 2019 ൽ പ്രസ്തുത ബോർഡ് ഏതൊക്കെ വിദേശ രാജ്യങ്ങളിൽ നിന്നും നേരിട്ട് തോട്ടണ്ടി ഇറക്കുമതി ചെയ്തു; ടണ്ണിന് എന്ത് വില വെച്ചാണ് ഇത് ഇറക്കുമതി ചെയ്തതെന്ന് അറിയിക്കുമോ;

(ബി) കേരള കാഷ്യൂ ബോർഡ് ലിമിറ്റഡ് 2019-ൽ മൊസാംബിക്, ഘാന, ഗിനി-ബിസ്സാവു എന്നീ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്തിട്ടുണ്ട്. ഇപ്രകാരം ഇറക്കുമതി ചെയ്ത തോട്ടണ്ടിയുടെ വിലനിരക്ക് താഴെപ്പറയുന്ന പ്രകാരമാണ്;

| ഒറിജിൻ | വില നിരക്ക് |
|---|---|
| മൊസാംബിക് | ടണ്ണിന് 1515 ഡോളർ |
| ഘാന-1 | ടണ്ണിന് 1445 ഡോളർ |
| ഘാന-2 | ടണ്ണിന് 1392 ഡോളർ |
| ഘാന-3 | ടണ്ണിന് 1044 ഡോളർ |
| ഗിനി-ബിസ്സാവു | ടണ്ണിന് 1523 ഡോളർ |

(സി) പ്രസ്തുത ബോർഡ് സംസ്ഥാനത്തെ ഏതെങ്കിലും ഏജൻസികളിൽ നിന്നും കഴിഞ്ഞ വർഷം തോട്ടണ്ടി സംഭരിച്ചിരുന്നോ; എങ്കിൽ എന്ത് വിലയ്ക്കാണ് സംഭരിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) കേരള കാഷ്യൂ ബോർഡ് സംസ്ഥാനത്തിനകത്തുനിന്നുള്ള ഏജൻസികളിൽ നിന്നും തോട്ടണ്ടി സംഭരിച്ചിട്ടില്ല.

| | |
|---|---|
| (ഡി) ഈ വർഷത്തെ കശുവണ്ടി സീസണിൽ എത്ര ടൺ കശുവണ്ടി ആഭ്യന്തര മാർക്കറ്റിൽ നിന്നും സംഭരിക്കുവാൻ കഴിയുമെന്നാണ് വിലയിരുത്തുന്നത്; | (ഡി) കേരള കാഷ്യൂ ബോർഡ് ആഭ്യന്തര മാർക്കറ്റിൽ നിന്നും തോട്ടണ്ടി സംഭരിക്കാൻ തീരുമാനമെടുത്തിട്ടില്ല.<br>ഈ വർഷം കാഷ്യൂ സ്പെഷ്യൽ ഓഫീസ് മുഖേന സൊസൈറ്റികൾ വഴി (കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും) കാസർഗോഡ്, കണ്ണൂർ ജില്ലകളിലെ, കർഷകരിൽ നിന്നും നാടൻ പച്ച തോട്ടണ്ടി സംഭരിക്കുവാൻ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള തോട്ടങ്ങളിലെ പ്രധാനമായും ആറളം, പ്ലാന്റേഷൻ കോർപ്പറേഷൻ എന്നിവിടങ്ങളിലെ മുഴുവൻ തോട്ടണ്ടിയും പൊതുമേഖലാ സ്ഥാപനങ്ങളായ കാപ്പെക്സും, കശുവണ്ടി വികസന കോർപ്പറേഷനും സംഭരിക്കാനാണ് പദ്ധതിയിട്ടിരിക്കുന്നത്.<br>ഈ വർഷത്തെ കശുവണ്ടി സീസൺ തുടക്കമായിട്ടെ ഉള്ളൂ. എത്ര സംഭരിക്കുവാൻ കഴിയുമെന്ന് വിലയിരുത്താറായിട്ടില്ല. |
| (ഇ) കശുവണ്ടി വിലനിർണ്ണയ സമിതി ഈ വർഷം തോട്ടണ്ടിക്ക് കിലോഗ്രാമിന് എത്രയാണ് തറവില നിശ്ചയിച്ചിട്ടുള്ളത്; പ്രസ്തുത വിലനിലവാരം കശുമാവ് കർഷകർക്കും വ്യവസായത്തിനും അനുയോജ്യമായ ന്യായവിലയാണോ; വിശദമാക്കാമോ? | (ഇ) നാടൻ തോട്ടണ്ടിയുടെ വില നിർണ്ണയ സമിതിയുടെ ആദ്യ യോഗം അഗ്രികൾച്ചർ പ്രൊഡക്ഷൻ കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ 25-02-2020 ന് കൂടുകയുണ്ടായി. തോട്ടണ്ടിയുടെ വരവ് ഇപ്പോൾ വളരെ കുറവായതിനാൽ ഇപ്പോൾ വില നിശ്ചയിക്കുന്നത് വളരെ നേരത്തെ ആകുമെന്നതിനാൽ, കമ്പോള നിലവാരം പരിശോധിച്ച് മാർച്ച് 15 നകമുള്ള അടുത്ത യോഗത്തിൽ വിലനിർണ്ണയിക്കാം എന്ന തീരുമാനമെടുക്കുകയാണുണ്ടായത്. |

സെക്ഷൻ ഓഫീസർ